Revised reply
പുതുക്കിയ മറുപടി

പതിനഞ്ചാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1853 — 20.06.2024-ൽ മറുപടിയ്ക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും കടബാദ്ധ്യതയും

| | ചോദ്യം<br>ശ്രീ. എ. പി. അനിൽ കുമാർ | | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2016-2021 കാലയളവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നു; പ്രസ്തുത സമയത്ത് കെ.എസ്.ആർ. ടി.സി.യ്ക്ക് കടബാദ്ധ്യത ഉണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്നു എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 2015-16 കാലയളവിലെ ആനുവൽ അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന വരുമാനം 4.89 കോടി രൂപയും പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത സർക്കാർ വായ്പ ഉൾപ്പെടെ 4091.35 കോടി രൂപയും ആണ്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>05/2016-ൽ കെ.എസ്.ആർ.ടി.സി.യിൽ 35,842 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് കടബാദ്ധ്യതയുണ്ടോ; എങ്കിൽ എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ പ്രതിദിന ശരാശരി ടിക്കറ്റ് / ടിക്കറ്റിതര വരുമാനം 7.50 കോടി രൂപയാണ്. 30.04.2024-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ആകെ വായ്പ ബാധ്യത 15,281.92 കോടി രൂപയാണ്. വായ്പ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ആറ് ബാങ്കുകൾ ഉൾപ്പെട്ട കൺസോർഷ്യം വായ്പയിൽ ഇനി ഒടുക്കേണ്ട തുക - 2865.33 കോടി രൂപ.<br>2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ - 44.00 കോടി രൂപ.<br>3. സർക്കാർ വായ്പ - 12372.59 കോടി രൂപ. |

| | | | |
|---|---|---|---|
| | | | ആകെ - 15281.92 കോടി രൂപ.<br>നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ 22,402 സ്ഥിരം ജീവനക്കാർ ഉണ്ട്. |

**കെ ബി ഗണേഷ് കുമാർ**
**MINISTER**

## അനുബന്ധം

### 2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന വരുമാനം (കോടിയിൽ)

| | |
|---|---|
| Operating Revenue | 4.78 |
| Non Operating Revenue | 0.11 |
| **Total** | **4.89** |

### 2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത (കോടിയിൽ)

| | |
|---|---|
| KTDFC | 489.83 |
| HUDCO | 236.17 |
| LIC | 64.99 |
| DCB, Palakkad | 193.42 |
| KST T.133, TVM | 8.67 |
| DCB, Ernakulam | 114.26 |
| Kerala Infrastructure Finance Corporation | 45.63 |
| SBI, MIDGAP Loan | 70.00 |
| Consortium Banks | 1296.80 |
| Government Loan | 1571.58 |
| **Total** | **4091.35** |

ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ്
അക്കൗണ്ട്സ് ഓഫീസർ